*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

160th Issue - Volume 4, No. 41 ജാഗ്രത 19th November 2010


"If you purify your soul of attachment to and desire for things, you will understand them spiritually. If you deny your appetite for them, you will enjoy their truth, understanding what is certain in them."

SAINT JOHN of the CROSS

**Commission Chairman**
Rt. Rev. Dr. Stanley Roman

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

**Commission Secretary**
Fr. Johny Kochuparambil



SAINT JOHN of the CROSS

## പ്രധാന വാർത്തകൾ

എൻഡോസൾഫാൻ നിരോധിക്കണം: കെസിബിസി

---

എൻഡോസൽഫാൻ; സമ്പൂർണ നിരോധനം വൈകരുത്: മാർ ജോസ് പൊരുന്നേടം

---

പരിസ്ഥിതിയെയും വ്യവസ്ഥിതിയെയും സംരക്ഷിക്കാനുള്ള ചുമതല രാഷ്ട്രീയപ്രവർത്തകർ ഏറ്റെടുക്കണം: മാർ ബോസ്കോ പുത്തൂർ

---

വിദ്യാഭ്യാസരംഗം സർവാധിപത്യത്തിനു കീഴിലാക്കാൻ ശ്രമം: ഇന്റർചർച്ച് കൗൺസിൽ

---

പ്രത്യുത്പാദന ബില്ല്: കേന്ദ്ര സർക്കാർ നിലപാടു തിരുത്തണമെന്ന് അല്മായ കമ്മീഷൻ

---

കാലാവസ്ഥാ വ്യതിയാനത്തിനു കാരണം മനുഷ്യന്റെ സ്വാർഥത: ഡോ. വർഗീസ് ചക്കാലക്കൽ

---

മൂല്യാധിഷ്ഠിത വികസനത്തിന് മുൻകൈയെടുക്കണം: ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ

## എൻഡോസൾഫാൻ നിരോധിക്കണം: കെസിബിസി

എൻഡോസൾഫാൻ കീടനാശിനി പൂർണമായും നിരോധിക്കണമെന്നു കേരള കത്തോലിക്കാ മെത്രാൻ സമിതി അഭിപ്രായപ്പെട്ടു. കാസർഗോഡ് ജില്ലയിലെ പതിനൊന്നു ഗ്രാമങ്ങളിൽ എൻഡോസൾഫാൻ കീടനാശിനി വിതച്ച മാരകമായ ദുരന്തം അനുഭവിച്ചു ജീവിക്കുന്നവരാണുള്ളത്. ഈ സാഹചര്യത്തിൽ ജനീവയിൽ നടന്ന ലോക കീടനാശിനി റിവ്യൂകമ്മിറ്റി യുടെ സമ്മേളനത്തിൽ എൻഡോസൾഫാന് അനുകൂല മായ നിലപാടു കേന്ദ്രഗവൺമെന്റ് സ്വീകരിച്ചതു ഖേദ കരമാണ്. യൂറോപ്യൻ യൂണിയനടക്കം 63 രാജ്യങ്ങൾ ഇതിനകം എൻഡോസൾഫാൻ നിരോധിച്ചിട്ടും ഇന്ത്യ ഇനിയും എൻഡോസൾഫാൻ നിരോധിക്കാൻ മടികാണിക്കുന്നതു ജീവവിരുദ്ധമാണ്. എൻഡോസൾ ഫാനെക്കുറിച്ചു മാത്രമല്ല സംസ്ഥാനത്ത് ഉപയോ ഗിക്കുന്ന മറ്റു കീടനാശിനികളെക്കുറിച്ചും വിശദമായ പഠനവും അന്വേഷണവും നടത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. അമിതമായ കീടനാശിനി ഉപയോഗവും രാസവളവും ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. പെരുകിക്കൊണ്ടിരിക്കുന്ന പല രോഗങ്ങളും വിരൽചൂണ്ടുന്നത് അമിതമായ വിഷപ്ര യോഗത്തിലേക്കാണ്. മനുഷ്യജീവന്റെ വില മനസിലാക്കി ഭക്ഷ്യ ഉത്പന്നങ്ങളിൽ ഉപയോഗിക്കുന്ന എല്ലാ കീടനാശിനികളെക്കുറിച്ചും സമഗ്ര അന്വേഷ ണവും പഠനവും നടത്തണമെന്നും കെസിബിസി പ്രസിഡന്റ് ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്, സെക്രട്ടറി ജനറൽ ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് എന്നിവർ സംയുക്തപ്രസ്താവനയിൽ ആവശ്യപ്പെട്ടു.

## എൻഡോസൽഫാൻ; സമ്പൂർണ നിരോധനം വൈകരുത്: മാർ ജോസ് പൊരുന്നേടം



എൻഡോസൽഫാന്റെ വിനിയോഗം രാജ്യത്ത് പൂർണമായി നിരോധിക്കാൻ കേന്ദ്രസർക്കാർ തയാറാകണമെന്ന് മാനന്തവാടി രൂപത ബിഷപ് മാർ ജോസ് പൊരുന്നേടം. കാസർഗോഡും കേരളത്തിന്റെ ഇതര പ്രദേശങ്ങളിലും ഈ കീടനാശിനി മനുഷ്യ ജീവനു നല്കിയ നിരവധി ദുരിതങ്ങളുടെ നേർക്കാഴ്ച പത്രമാധ്യമങ്ങളിലൂടെ ലോകം ദർശിക്കുകയാണ്. ആയിരക്കണക്കിന് ജനങ്ങളുടെ ദുരിതാനുഭവങ്ങൾ നമുക്ക് മുന്നിലുള്ളപ്പോൾ ഇനിയുമൊരു ശാസ്ത്രീയ പഠന റിപ്പോർട്ടിനായി ഭരണകൂടം കാത്തിരിക്കരുത്. അറുപതിലേറെ ലോകരാഷ്ട്രങ്ങൾ നിരോധിച്ച എൻഡോസൾഫാൻ കോർപ്പറേറ്റ് വ്യവസായികളുടെ താത്പര്യം സംരക്ഷിക്കാനായി ഇന്ത്യയിൽ വിറ്റഴിക്കുന്നത് ജനങ്ങളോടുള്ള വെല്ലുവിളിയും കടുത്ത ക്രൂരതയുമാണ്. മാരകമായ കീടനാശിനികളുടെ ഉപയോഗം കാർഷികമേഖലകളിൽ വ്യാപകമാ യിരിക്കുന്നു. ജില്ലയിലെ ചില കിണറുകളിലെ ജലത്തിലും എൻഡോസൾഫാന്റെ അംശങ്ങൾ കണ്ടെത്തിയത് സംസ്ഥാന-കേന്ദ്ര സർക്കാരുകൾ ഗൗരവമായെ ടുക്കണം. ജനങ്ങളുടെ ആരോഗ്യത്തിനും സുസ്ഥി തിക്കും ഹാനികരമായിട്ടുള്ള വളപ്രയോഗങ്ങളും കീടനാശിനികളും പരാമവധി കുറയ്ക്കണം. ജൈവ വളങ്ങളും, ജൈവകീടനാശിനികളും പ്രചരിപ്പിക്കാൻ കൃഷിമന്ത്രാലയവും കാർഷികരംഗത്തെ ശാസ്ത്ര ജ്ഞൻമാരും മുൻകൈയെടുക്കണം. കേരളത്തിൽ കൃഷിയിടങ്ങളിലെ കീടനാശിനി പ്രയോഗങ്ങൾ കൃഷി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ കൊണ്ടു വരികയും വേണമെന്നും ബിഷപ് ആവശ്യപ്പെട്ടു. കാസർഗോഡ് ജില്ലയെ ദുരിതബാധിതപ്രദേശമായി പ്രഖ്യാപിക്കുകയും, ദുരിതമനുഭവിക്കുന്ന മുഴുവൻ ജനങ്ങളുടെയും സമ്പൂർണ സംരക്ഷണ ചുമതല സർക്കാർ ഏറ്റെടുക്കണമെന്നും ബിഷപ് ആവശ്യപ്പെട്ടു.

## പരിസ്ഥിതിയെയും വ്യവസ്ഥിതിയെയും സംരക്ഷി ക്കാനുള്ള ചുമതല രാഷ്ട്രീയപ്രവർത്തകർ ഏറ്റെ ടുക്കണം: മാർ ബോസ്കോ പുത്തൂർ



പരിസ്ഥിതിയെയും വ്യവസ്ഥിതിയെയും സംരക്ഷിച്ച് അടുത്ത തലമുറയ്ക്കു കൈമാറാനുള്ള ചുമതല രാഷ്ട്രീയ പ്രവർത്തകർ ഏറ്റെടുക്കണമെന്നു സീറോ മലബാർ കൂരിയ മെത്രാൻ മാർ ബോസ്കോ പുത്തൂർ ഉദ്ബോധിപ്പിച്ചു. ജനജീവിതം സുരക്ഷിത മാവുമ്പോഴാണു ജനാധിപത്യം സുന്ദരമാവുന്നതെന്നു ഡോ. കോശി ഈപ്പന് യു.ജെ തര്യൻ സ്മാരക ഫൗണ്ടേഷൻ പുരസ്കാരം കൈമാറി മാർ ബോസ്കോ പുത്തൂർ പറഞ്ഞു. രാഷ്ട്രീയപ്രവർത്തനത്തിൽനിന്നു സൃഷ്ടിപരമായ സംഭാവനകളാണു സമൂഹം പ്രതീക്ഷിക്കുന്നതെന്ന് യു.ജെ തര്യൻ അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്ത മേഘാലയ മുൻ ഗവർണർ എം.എം ജേക്കബ് പറഞ്ഞു. മാറ്റത്തെ ഉൾക്കൊള്ളാത്ത പ്രസ്ഥാനം അവഗണിക്കപ്പെടും എന്നതിനു സമാനമായ സംഭവങ്ങളാണ് ഇന്നു കാണാൻ കഴിയുന്നതെന്ന് മുഖ്യപ്രഭാഷണത്തിൽ ഡോ. കെ.എസ് രാധാകൃഷ്ണൻ അഭിപ്രായപ്പെട്ടു. എ.എം യൂസഫ് എംഎൽഎ അധ്യക്ഷനായ ചടങ്ങിൽ വി.കെ ഇബ്രാഹിംകുഞ്ഞ് എംഎൽഎ, മുൻ എംഎൽഎ കെ.

മുഹമ്മദാലി, സിസ്റ്റർ കർമലത, മുനിസിപ്പൽ ചെയർമാൻ എം.ടി ജേക്കബ്, വൈസ് ചെയർപേഴ്സൺ ലിസി എബ്രഹാം, ജോർഡി തര്യൻ, മാത്യു ജോസ് ഉറുമ്പത്ത്, അഡ്വ. ജോസ് വിതയത്തിൽ, എം.എൻ സത്യദേവൻ, ജോസി ആൻഡ്രൂസ്, ജേക്കബ് മണ്ണാറപ്രായിൽ കോർഎപിസ്കോപ്പ, എം.എൻ ചന്ദ്രൻ എന്നിവർ പങ്കെടുത്തു.

## വിദ്യാഭ്യാസരംഗം സർവാധിപത്യത്തിനു കീഴിലാക്കാൻ ശ്രമം: ഇന്റർചർച്ച് കൗൺസിൽ

---

കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗത്തെ മുഴുവൻ പ്രത്യയശാസ്ത്രക്കാരുടെയും സർക്കാരിന്റെയും സർവാധിപത്യത്തിനു കീഴിലാക്കി ഞെരുക്കാനുള്ള ആസൂത്രിതവും വ്യാപകവുമായ ശ്രമമാണ് ഉന്നതവിദ്യാഭ്യാസമിതിയുടെ നയരേഖയിൽ കാണാൻ കഴിയുന്നതെന്ന് ഇന്റർചർച്ച് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ ചെയർമാൻ ആർച്ച്ബിഷപ് മാർ ജോസഫ് പവ്വത്തിൽ. ഇന്ത്യയുടെ മഹത്തായ ജനാധിപത്യഭരണഘടനയെയും കേരളത്തിലെ ഉന്നതവിദ്യാഭ്യാസ ചരിത്രത്തേയും വിദ്യാഭ്യാസ സ്ഥാപനങ്ങളെയും വികലമായി ചിത്രീകരിക്കുന്ന നയരേഖ അതിനു രൂപം നൽകിയവരുടെ പ്രത്യയശാസ്ത്രതിമിരമാണു വെളിപ്പെടുത്തുന്നത്. ഭാഷാ-മതന്യൂനപക്ഷങ്ങളുടെ നിലനിൽപ്പിനും സംരക്ഷണത്തിനുമായി ഭരണഘടന ഉറപ്പുതരുന്നതാണ് അവരുടെ വിദ്യാഭ്യാസ അവകാശം. അതിനെ സാമൂഹ്യമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള നല്കുന്ന സംവരണത്തിനു തുല്യമായി വ്യാഖ്യാനിച്ച് അനുകൂലവിവേചനമായി ചിത്രീകരിക്കുന്നു. ഇവിടത്തെ ഭാഷാ മതന്യൂനപക്ഷങ്ങൾക്ക് കൂടുതൽ സ്ഥാപനങ്ങളുള്ളതുകൊണ്ട് വിദ്യാഭ്യാസ അവകാശം വിപരീത വിവേചനമാണെന്ന് ആക്ഷേപിക്കുന്നതായി കാണാം. കേരളത്തിൽ ഏറ്റവും ഗുണമേന്മയുള്ള ഉന്നത വിദ്യാഭ്യാസം ഏറ്റവും പാവപ്പെട്ടവർക്കും ലഭ്യമാക്കുന്നത് പ്രൈവറ്റ് എയ്ഡഡ് കോളജുകളാണ്. ഈ കോളജുകളെ അധിക്ഷേപിച്ചും സാമൂഹ്യ നിയന്ത്രണമെന്ന പേരിൽ കൈയേറിയും ഉന്നത വിദ്യാഭ്യാസരംഗംതന്നെ താറുമാറാക്കാനുള്ള ശ്രമമാണ് നയരേഖയിൽ കാണാൻ കഴിയുന്നത്. ഈ നീക്കത്തെ എല്ലാവരോടും ചേർന്ന് എതിർക്കുകതന്നെ ചെയ്യും. ഓരോവർഷവും കോടിക്കണക്കിനു രൂപ പൊതുഖജനാവിൽനിന്നും ചെലവിടുന്ന സർക്കാർ കോളജുകളിലെ വിദ്യാഭ്യാസം മോശമാണെന്നു വിലയിരുത്തുന്ന രേഖ എന്തുകൊണ്ട് ഈ നിലവാരത്തകർച്ച എന്നു പരിശോധിക്കുന്നില്ല, എന്നാൽ, സർക്കാർ കോളജുകളിൽ ചെലവിടുന്നതിനേക്കാൾ തുലോം തുച്ഛമായ തുകമാത്രം ലഭ്യമാകുന്ന പ്രൈവറ്റ് എയ്ഡഡ് കോളജുകൾ ഉന്നതനിലവാരമുള്ള വിദ്യാഭ്യാസം നല്കുകയും ചെയ്യുന്നു. ഈ സ്ഥാപനങ്ങളിലെയും വിദ്യാഭ്യാസം തകർക്കാനുള്ള തന്ത്രങ്ങൾ മെനയുകയാണ് ഉന്നത വിദ്യാഭ്യാസസമിതി. കോളജുകളുടെ ക്ലസ്റ്ററുകൾക്ക് രൂപം നൽകി അനധികൃത ദേശസാത്കരണമാണ് നിർദേശങ്ങളിൽ കാണാൻ കഴിയുന്നത്. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വളർച്ചയെ സഹായിക്കുന്ന ഇപ്പോഴുള്ള അല്പമാത്രമായ സ്വാതന്ത്ര്യം പോലും കോളജുകളിൽ ഇല്ലാതാക്കാനാണ് നയരേഖ നിർദേശിക്കുന്നത്. വിദ്യാഭ്യാസരംഗത്തെ സ്വാതന്ത്ര്യം ഉയർത്തിപ്പിടിച്ച രാഷ്ട്രപതിയായിരുന്ന ഡോ. രാധാകൃഷ്ണന്റെ നിലപാടിനെ തള്ളിക്കളയുകയാണ് ഇതിലൂടെ ചെയ്യുന്നത്. അധ്യാപക നിയമനത്തിൽ കടന്നുകയറി ന്യൂനപക്ഷാവകാശം കവർന്നെടുക്കാനുള്ള ശ്രമം അനുവദിക്കുകയില്ല.

## പ്രത്യുത്പാദന ബില്ല്: കേന്ദ്ര സർക്കാർ നിലപാടു തിരുത്തണമെന്ന് അല്മായ കമ്മീഷൻ

---

മനുഷ്യബന്ധങ്ങളിലും കുടുംബപശ്ചാത്തലങ്ങളിലും അരാജകത്വം സൃഷ്ടിക്കുന്ന പ്രത്യുത്പാദന സാങ്കേതികവിദ്യ നിയന്ത്രണ ബില്ല് കേന്ദ്ര സർക്കാർ പിൻവലിക്കണമെന്നു സീറോ മലബാർ സഭ അല്മായ കമ്മീഷൻ ആവശ്യപ്പെട്ടു. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ നിലപാട് പരസ്യമായി പ്രഖ്യാപിക്കണം. ദമ്പതികൾ പരസ്പരം സ്നേഹം നല്കുകയും പുതിയൊരു ജീവൻ ലക്ഷ്യംവയ്ക്കുകയും ചെയ്യുക എന്ന വിവാഹജീവിതത്തിന്റെ ജീവദായക-സ്നേഹദായക അർഥങ്ങൾ തകർത്തുകൊണ്ട് മനുഷ്യവംശത്തിന്റെ രൂപം തന്നെ മാറ്റുന്ന നിയമനിർമാണങ്ങൾ എതിർക്കപ്പെടേണ്ടതാണ്. സ്വത്വം നഷ്ടപ്പെട്ട കുഞ്ഞുങ്ങൾ സൃഷ്ടിക്കപ്പെടുമ്പോൾ ഭാവിയിൽ പിതാവിനെ കണ്ടെത്താൻ പിതൃത്വ പരിശോധന നടത്തേണ്ടിവരുന്ന സങ്കീർണവും ക്രൂരവുമായ അവസ്ഥയുണ്ടാകും. ഇതുമൂലം കുടുംബങ്ങളുടെ പരിശുദ്ധിക്കും പവിത്രതയ്ക്കും കളങ്കമേൽക്കുകയും ചെയ്യുന്നു. ഇന്ത്യയിലുടനീളം പ്രത്യുല്പാദന ക്ലിനിക്കുകൾ തുടങ്ങാൻ അനുവാദവും രജിസ്ട്രേഷനും നല്കാനാണ് കേന്ദ്ര തീരുമാനം. ഇതിനായി 21 അംഗ ദേശീയ-സംസ്ഥാന ഭരണസമിതിയും രൂപീകരിച്ചിട്ടുണ്ട്. ഇവയുടെ പ്രവർത്തനങ്ങൾ ചോദ്യം ചെയ്യപ്പെടാതിരിക്കാനാണു പ്രവർത്തനങ്ങൾ നിയമനടപടികളായി കണക്കാക്കാൻ നിർദേശിച്ചിരിക്കുന്നത്. തന്ത്രപരമായി ആവിഷ്കരിച്ചിരിക്കുന്ന നിഗൂഢപദ്ധതിയുടെ ഭാഗമായിട്ടുവേണം ഇതിനെ കണക്കാക്കാൻ. മനുഷ്യാവകാശങ്ങളും

ബയോമെഡിസിനും സംബന്ധിച്ച 2001-ലെ യൂറോപ്യൻ കൺവൻഷൻ 18-ാം അനുഛേദത്തിൽ ഭ്രൂണങ്ങളിലുള്ള പരീക്ഷണവും ഉത്പാദനവും വിലക്കിയിട്ടുള്ളതാണ്. പാശ്ചാത്യരാജ്യങ്ങളിൽ പോലും വിലക്കിയിരിക്കുന്ന നിയമവ്യവസ്ഥകൾ ഭാരതത്തിൽ അടിച്ചേൽപ്പിക്കുകവഴി നൂറുകോടിയിൽ പരം ജനങ്ങളെ വിദേശ ഏജൻസികളുടെ ഉപകരണങ്ങളാക്കുകയാണ്. ആഗോള കമ്പോളത്തിൽ വിൽപനച്ചരക്കുകളാക്കി മാറ്റുന്ന ഇത്തരം ദുരവസ്ഥയെക്കുറിച്ച് പൊതുസമൂഹം ചിന്തിക്കുകയും പ്രതികരിക്കുകയും ചെയ്യണമെന്ന് അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ. വി.സി. സെബാസ്റ്റ്യൻ അഭ്യർഥിച്ചു.

## കാലാവസ്ഥാ വ്യതിയാനത്തിനു കാരണം മനുഷ്യന്റെ സ്വാർഥത: ഡോ. വർഗീസ് ചക്കാലക്കൽ



ധാർമിക മൂല്യങ്ങൾക്കു വിരുദ്ധമായി മനുഷ്യർ പ്രകൃതിയെ ഉപയോഗിക്കുന്നതാണ് ലോകം അഭിമുഖീകരിക്കുന്ന സമകാലിക ദുരന്തമായ കാലാവസ്ഥ വ്യതിയാനത്തിനു കാരണമെന്നു ഡോ. വർഗീസ് ചക്കാലക്കൽ പറഞ്ഞു. പിലാത്തറ സെന്റ് ജോസഫ്സ് കോളജിൽ ആരംഭിച്ച 'കാലാവസ്ഥ വ്യതിയാനം- അതിന്റെ പ്രത്യാഘാതങ്ങൾ മനുഷ്യജീവിതത്തിലും പരിസ്ഥിതിയിലും' എന്ന ദേശീയ സെമിനാർ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. പ്രകൃതിയെ വേദനിപ്പിച്ചാൽ അതിനെതിരായ പ്രതിപ്രവർത്തനം പ്രകൃതിയിൽ നിന്നുണ്ടാകും. പ്രപഞ്ചത്തിന്റെയും സമസ്തവസ്തുക്കളുടെയും ഉറവിടം ദൈവമാണ്. സ്രഷ്ടാവിനെ മറന്നുള്ള പ്രകൃതി ചൂഷണ പ്രവർത്തനങ്ങൾ മനുഷ്യന് ആശാസ്യമില്ല. പ്രകൃതി കേന്ദ്രീകൃത ജീവിതം എന്ന അവബോധത്തിലേക്ക് സമൂഹം വളരണമെന്നും ബിഷപ് പറഞ്ഞു. മോൺ. ദേവസി ഈരത്തറ അധ്യക്ഷത വഹിച്ചു. കൊച്ചിൻ യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് ഓഷ്യൻ സയൻസ് ആൻഡ് ടെക്നോളജി മുൻ ഡയറക്ടർ ഡോ. കെ.ടി ദാമോദരൻ നമ്പ്യാർ മുഖ്യപ്രഭാഷണം നടത്തി. മണ്ണിനെയും മനുഷ്യനെയും ബാധിക്കുന്ന കാലാവസ്ഥ മാറ്റത്തിനെതിരേ കൂട്ടായ പ്രതിരോധ പ്രവർത്തനം അനിവാര്യമാണെന്ന് അദ്ദേഹം പറഞ്ഞു. ഡോ. വി. ലിസി മാത്യു, ഡോ. ഇ.ഡി ജോസഫ്, പി.ജെ ജോൺ, മെർലിൻ മാത്യു, ജയ്സൺ എന്നിവർ പ്രസംഗിച്ചു. തുടർന്ന് ഉപരിതല ജലസ്രോതസുകളിൽ കാലാവസ്ഥാ വ്യതിയാനം വരുത്തുന്ന പ്രശ്നങ്ങളെക്കുറിച്ച് ഡോ. കെ.ടി ദാമോദരൻ നമ്പ്യാർ, ഭൂഗർഭജല സ്രോതസുകളിലുണ്ടാകുന്ന ആഘാതങ്ങളെ ക്കുറിച്ച് ഡോ. കമലാക്ഷൻ കൊക്കാലിൻ ജൈവ വൈവിധ്യവും കാലാവസ്ഥ വ്യതിയാനവും എന്ന വിഷയത്തിൽ ഡോ, എം.എ മുഹമ്മദ് അസ്‌ലം, ഹരിതഗൃഹ പ്രഭാവവും കാലാവസ്ഥ വ്യതിയാനവും എന്ന വിഷയത്തിൽ ഡോ. എം.കെ സതീഷ്കുമാർ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

## മൂല്യാധിഷ്ഠിത വികസനത്തിന് മുൻകൈയെടുക്കണം: ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ



കോട്ടപ്പുറം രൂപത അല്മായ സമിതി, കെഎൽസിഎ, കെസിവൈഎം എന്നിവയുടെ നേതൃത്വത്തിൽ ജനപ്രതിനിധികൾക്ക് സ്വീകരണം നൽകി. കോട്ടപ്പുറം വികാസിൽ ചേർന്ന സമ്മേളനം ആർച്ച്ബിഷപ് ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ ഉദ്ഘാടനം ചെയ്തു. ക്രൈസ്തവ മൂല്യങ്ങളിൽനിന്നും വ്യതിചലിക്കാതെ പാവങ്ങളോട് പക്ഷംചേർന്ന് പ്രവർത്തിക്കേണ്ടവരാണ് ജനപ്രതിനിധികളെന്ന് അദ്ദേഹം ഓർമിപ്പിച്ചു. വികസന മുന്നേറ്റത്തിൽ ഏറ്റവും താഴെക്കിടയിലുള്ള സാധാരണക്കാരെ മറന്നുള്ള വികസനം ശരിയല്ലെന്നും ജനപ്രതിനിധികൾ മൂല്യാധിഷ്ഠിത വികസനത്തിനായി മുൻകൈയെടുക്കണമെന്നും ആർച്ച്ബിഷപ് കൂട്ടിച്ചേർത്തു. ജനപ്രതിനിധികൾക്ക് മെമന്റോകൾ നൽകി ആദരിച്ചു. സിബിസിഐ യൂത്ത് അവാർഡ് ജേതാവ് ശില്പ ജോൺസനെയും ആദരിച്ചു. പി.ജെ. തോമസ് അധ്യക്ഷത വഹിച്ചു. ജെ.ബി. രാജൻ, ഡോ. നിക്സൺ കാട്ടാശേരി, ജെയിംസ് തിയ്യടി, ഫാ. ജോസ് കുര്യാപ്പിള്ളി, പി.എഫ്. ലോറൻസ് എന്നിവർ ആശംസകൾ നേർന്നു. ജനപ്രതിനിധികൾക്കുള്ള ഉപഹാരവിതരണം മോൺ. സെബാസ്റ്റ്യൻ കുന്നത്തൂർ നിർവഹിച്ചു. ജനപ്രതിനിധികളുടെ മറുപടിപ്രസംഗം അൽഫോൻസ ഗോതുരുത്ത്, പ്രസീല ബാബു വള്ളിപ്പുറം, ഒ.സി. ജോസഫ് കൊടുങ്ങല്ലൂർ എന്നിവർ നടത്തി. ഇ.ഡി. ഫ്രാൻസിസ് സ്വാഗതവും ടി.ജി. ബാബു നന്ദിയും പറഞ്ഞു.

JAGRATHA News

"Jagratha News" - An internet news service is free and for private circulation

Web: www.kcbcsocialharmony.org, Blog: jagrathakcbc.blogspot.com

Designed and Edited by Fr. Johny Kochuparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA

******